(ബി) അവയിൽ എത്ര സൊസൈറ്റികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; അവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 6 (ആറ്) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന മൂന്നു സൊസൈറ്റികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(1) ദേശബന്ധു പ്രിന്റിംഗ് ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, നമ്പർ എസ്. ഇൻഡ. (സി) 235, ബാലുശ്ശേരി.

(2) ഉള്ളിയേരി ഹരിജൻ ഹോസിയറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, എസ്. ഇൻഡ. (സി) 270, ബാലുശ്ശേരി.

(3) എലത്തൂർ കെട്ടിടനിർമ്മാണ തൊഴിലാളി വ്യവസായ സഹകരണ സംഘം ലിമിറ്റഡ്, എസ്. ഇൻഡ. (സി) 273.

അസിസ്റ്റന്റ് ഡയറക്ടർമാരുടെ നിയമനത്തിന് പി. എസ്. സി. ലിസ്റ്റ്

44 [3449] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ നിയമനത്തിന് പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) അസിസ്റ്റന്റ് ഡയറക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ചും കേഡർ സ്ട്രെംഗ്ത്ത് നിശ്ചയിക്കുന്നതിനെ സംബന്ധിച്ചും ഹൈക്കോടതി നൽകിയ വിധിപ്രകാരം കേഡർ സ്ട്രെംഗ്ത്ത് നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇനി എത്രപേരെ കൂടി നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തും എന്ന് വ്യക്തമാക്കുമോ;

(ഡി) നേരിട്ടുള്ള നിയമനം നടത്തേണ്ട ഒഴിവുകളിൽ പ്രമോഷൻ നൽകുവാൻ കോടതിയിൽ നിന്നും ഉത്തരവുണ്ടായിരുന്നോ; ഇല്ലെങ്കിൽ പി. എസ്. സി. മുഖാന്തിരം നികത്തുന്ന ഒഴിവുകളിൽ പ്രമോഷൻ നൽകിയതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ലിസ്റ്റ് നിലവിലുണ്ട്. രണ്ടുപേരെ നിയമിച്ചു.

(ബി, സി) അസിസ്റ്റന്റ് ഡയറക്ടർമാരുടെ കേഡർ സ്ട്രെംഗ്ത്ത് നിശ്ചയിക്കുന്നതിനെ സംബന്ധിച്ച കേസിൽ മുൻപ് റിപ്പോർട്ട് ചെയ്ത 4 ഒഴിവുകൾ

LIBRARY ARCHIVES Kerala Legislative Assembly

അടക്കം 14 അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാനും, ഹൈക്കോടതിയുടെ അനുമതി കിട്ടിയതിനുശേഷം മാത്രം നിയമന ഉത്തരവു നൽകാനും 30867/01 നമ്പർ ഒ. പി.-യിൽ ഇടക്കാല ഉത്തരവ് ഉണ്ടായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നേരത്തെ നിയമനം നടത്തിയ രണ്ടു വേക്കൻസി ഒഴികെയുള്ള 12 വേക്കൻസികളും ഹൈക്കോടതിയിൽ നിന്നും ഉത്തരവ് കിട്ടിയതിനു ശേഷമേ അഡ്വൈസ് അയയ്ക്കാവൂ എന്ന വ്യവസ്ഥയിൽ പി. എസ്. സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ കേഡർ സ്ട്രെംഗ്ത്ത് 10 എണ്ണം മാത്രമാണ്.

(ഡി) നേരിട്ടുള്ള നിയമനം നടത്തേണ്ട ഒഴിവുകളിൽ പ്രൊമോഷൻ നൽകുവാൻ കോടതിയിൽ നിന്നും ഉത്തരവൊന്നും കിട്ടിയിട്ടില്ല. പി. എസ്. സി. മുഖാന്തിരം നികത്തുന്ന ഒഴിവുകളിൽ പ്രമോഷൻ വഴി നിയമനം നടത്തിയിട്ടില്ല.

ഹാന്റിക്രാഫ്ട് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ പ്യൂൺ/ഹെൽപ്പർ നിയമനം

45 [T3450] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റിക്രാഫ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ പ്യൂൺ/ഹെൽപ്പർ തസ്തികയിലേയ്ക്ക് ഇപ്പോൾ പി. എസ്. സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇവിടെ ഇപ്പോൾ പ്യൂൺ/ഹെൽപ്പർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര ആളുകൾ ജോലി നോക്കുന്നുണ്ട്;

(സി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ അതേ തസ്തികയിലേക്കു താത്ക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ പാടില്ല എന്നുള്ള കോടതി വിധിക്കെതിരായാണോ ഇവർ തുടരുന്നത്;

(ഡി) പ്യൂൺ/ഹെൽപ്പർ തസ്തികയിൽ ഇവിടെ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട്;

(ഇ) ഒഴിവുള്ള മുഴുവൻ തസ്തികയിലേക്കും നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താൽക്കാലികാടിസ്ഥാനത്തിൽ ആരും ജോലി നോക്കുന്നില്ല. എന്നാൽ എക്സിബിഷനും മറ്റും നടത്തുന്ന അത്യാവശ്യ സാഹചര്യങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ കാഷ്വൽ വർക്കേഴ്സിനെ നിയമിക്കാറുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly